# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16 — തീയതി - 23/01/2021

## സർക്കുലർ നമ്പർ -35/ 2020-21

വിഷയം :- കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി - നിശ്ചിത പൂളിൽ പ്രവർത്തിയിലിരിക്കെ അപകടത്തിന് വിധേയരാകുന്ന തൊഴിലാളികൾക്ക് നൽകി വരുന്ന അടിയന്തിര ചികിത്സാ വായ്പയുടെ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :-
1. 9/6/93 തീയതിയിലെ സർക്കുലർ നമ്പർ 4/93-94.
2. 27/4/2007 തീയതിയിലെ സർക്കുലർ നമ്പർ 3/2007-08.
3. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്.
4. 13/10/2020 തീയതിയിലെ എച്ച്3/100/2020 തൊഴിൽ നമ്പർ കത്ത്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലെ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് അടിയന്തിര ഒ.പി. ചികിത്സാ ധനസഹായ വായ്പയ്ക്ക് നിലവിൽ അനുവദിച്ചു വരുന്ന 600/- രൂപ 1000/- രൂപയായും, ഹോസ്പിറ്റലൈസ് ചെയ്ത കേസുകളിൽ നിലവിലുള്ള 1000/- രൂപ 2000/- രൂപയായും വർദ്ധിപ്പിക്കുന്നതിന് സൂചന (4) പ്രകാരം അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആനുകൂല്യത്തിന്റെ മറ്റ് അർഹതാ മാനദണ്ഡങ്ങളിൽ യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരിക്കുന്നതല്ല.

മേൽപ്പറഞ്ഞ സർക്കുലറിന് 01/02/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ടി നിർദ്ദേശങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഓരോരുത്തരും വീഴ്ച കൂടാതെ പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ചു നൽകി പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്